**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**12 January 2018**
**(24 Rabi'ul Aakhir 1439 AH)**

# ANGER/ WRATH -. :/ കോപം / ദൈവകോപം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽഫാതിഹ ഓതിയ ശേഷം **കോപം / ദൈവകോപം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

കോപത്തെ ദൈവീക കോപവുമായി കൂട്ടി കുഴയ്ക്കരുത്. അല്ലാഹു (ത) അവന്റെ കോപം തന്റെ ദൂതന്റെ മുഖഭാവത്തിലൂടെ പ്രകടമാക്കുന്നതാണ്. അത് വിശ്വാസികളുടെ ചില പ്രവർത്തനങ്ങളെ അംഗീകരിക്കുന്നില്ല എന്നതിന്റെ ഒരു അടയാളമായിട്ടാണ് അവിശ്വാസികളുടെ പ്രവർത്തനത്തെയും അംഗീകരിക്കാത്തതിന്റെ ബാഹ്യപ്രകടനമായി അത്തരം മുഖചച്ഛായങ്ങൾ പ്രത്യക്ഷമാകുന്നതാണ്. പിശാച് ഇത്തരം തെറ്റുകൾ ചെയ്യുന്നതിന് മനുഷ്യനെ പ്രേരിപ്പിക്കുന്നു എന്നത് ഒരു വസ്തുതയാണ് അതായത് ബുദ്ധിമുട്ടിക്കുക. ബന്ധം വഷളാക്കുക, ദേഹോപദ്രവം ഏല്പിക്കുക അഥവാ അപരിഹാര്യമായ കൊലചെയ്യുക തുടങ്ങിയവ ആയതിനാൽ നാം നമ്മുടെ കോപത്തെ നിയന്ത്രിക്കുന്നതിനുള്ള കഴിവ് ആർജ്ജീക്കേണ്ടതാണ്. അങ്ങനെയായാൽ നാ അത്തരം ഗുരുതരമായ പാപ പ്രവർത്തിയിൽ ആപതിക്കാതിരക്കുന്നതാണ്.

അല്ലാഹു (ത) മുത്തഖികളെകുറിച്ച് (കോപത്തെ കീഴടക്കുന്നവർ) പറയുന്നു കോപം നിയന്ത്രിക്കുന്നവരും ജനങ്ങളോട് വിട്ടുവീഴ്ച ചെയ്യുന്നവരുമാണവർ 3 : 135

ആയതിനാൽ മുതഖികളെകുറിച്ച് അല്ലാഹു സ്വർഗ്ഗം വാഗ്ദാനം ചെയ്യുന്നു. കാരണം അവർ കോപത്തെ നിയന്ത്രിക്കുന്നവരാണ് അവ രുടെ ശക്തിയും ധൈര്യവും അവരോട് ആക്രമം ചെയ്തവർക്ക് മാപ്പു ചെയ്യുന്നതിലേക്ക് തിരിക്കുന്നു.

നമ്മുടെ കോപത്തെ നിയന്ത്രിക്കുന്നതിലൂടെ ഇസ്ലാം സംരക്ഷിക്ക പ്പെടുന്നു. കോപത്തെ നാം നിയന്ത്രണ വിധേയമാക്കുന്നതിലൂടെ നാം ഇസ്ലാമിനെ ഏറ്റവും നല്ല നിലയിൽ പരിശീലിക്കുവാൻ നമ്മെ പ്രാപ്ത മാക്കുകയാണ് ചെയ്യുന്നത്. കോപത്തെ ഒരു വ്യക്തിക്കു നിയന്ത്രിക്കു വാൻ കഴിയുന്നിടത്തോളം തന്റെ വിശ്വാസം സംരക്ഷിക്കപ്പെടും. ഒരു വൻ തന്റെ കോപവുമായി പോയാൽ, അവന് ഒന്നും നേടുവാൻ കഴിയു കയില്ല. അവൻ ഖേദിക്കേണ്ടി വരും. ഞാനെന്തിനാണ് അത് പറഞ്ഞത് ? ഞാൻ എന്തിനാണ് അത് ചെയ്തത്?അവൻ സ്വയം ചോദിക്കേണ്ടി വരും.

അബൂബറൈറ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഒരു മനുഷ്യൻ പ്രവാ ചകൻ (സ) യോടെ ചോദിച്ചു. എന്നെ ഉപദേശിച്ചാലും പ്രവാചകൻ (സ) മറുപടിയായി പറഞ്ഞു നീ കോപിക്കരുത് അവൻ അതേ ചോദ്യം പല തവണ ആവർത്തിച്ചു. പ്രവാചകൻ (സ) പറഞ്ഞു നീ കോപിക്ക രുത് (ബുഖാരി)

ശക്തി ഉള്ളവൻ ജനങ്ങളെ ഉപദ്രവിക്കരുത്. പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു. മൽപിടത്തത്തിൽ അഥവാ യുദ്ധത്തിൽ ശത്രുവിനെ ജയി ക്കുന്നവനല്ല ശക്തിമാൻ ! മറിച്ച് അതിയായ കോപം വരുമ്പോൾ പ്രസ്തുത കോപത്തെ നിയന്ത്രിക്കുന്നവനാണ് ശക്തിമാൻ (ബുഖാരി)

അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു തന്റെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കു വാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുമ്പോൾ തന്നെ തന്റെ കോപത്തെ കീഴ്പ്പെടു ക്കിയവരാരാണോ അവരെ അല്ലാഹു (ത) പുനരുത്ഥാന നാളിൽ മറ്റു സൃഷ്ടി കളുടെ മുൻപിൽ വച്ച് അവനെ ക്ഷണിക്കുന്നതാണ്. എന്നിട്ട് അവനോട് പറയും നിനക്ക് ഇഷ്ടപ്പെട്ട ഒരു ഹൂറിയെ തെരഞ്ഞെടുക്കുക.. (അബൂദാവൂദ്)

ഒരാൾ കോപത്തെ അതിജയിച്ചാൽ, അവനെ അനീതി പ്രവർത്തിക്കാതിരിക്കുവാൻ കഴിയും. അഥവാ നാം കോപിക്കുകയാണെങ്കിൽ നാം, എപ്പോഴും ശരിയാണ് ചെയ്യുന്നത് എന്ന് ബോധ്യമുണ്ടായിരിക്കണം. ഒരാളിന്റെ കോപം അടക്കി നിർത്തുക എന്നത് ദൈവസന്നിധിയിൽ മഹത്തായ പ്രവർത്തിയായാണ് കണക്കാക്കുന്നത്. അതുകൊണ്ട് അത്തരം പ്രവർത്തിക്ക് വലിയ പ്രതിഫലം അല്ലാഹു (ത) നല്കുന്നത്

അബൂദർദാ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. അദ്ദേഹം പ്രവാചകൻ (സ) നോട് ചോദിച്ചു. അല്ലാഹുവിന്റെ ദൂതരെ !എന്നെ സ്വർഗ്ഗത്തിൽ എത്തിക്കുന്ന ഒരു പ്രവർത്തി ഉപദേശിച്ചാലും അദ്ദേഹം പ്രതിവചച്ചു. നിങ്ങൾ കോപിക്കാതിരിക്കുക അതിന്റെ പ്രതിഫലമായി നിങ്ങൾക്ക് സ്വർഗ്ഗം ലഭിക്കുന്നതാണ് (അത്തബറാനീ)

## ഒരാളുടെ കോപം എങ്ങനെ നിയന്ത്രിക്കാം ?

ഒരു വ്യക്തി കോപിഷ്ടനാകുമ്പോൾ താഴെപറയുന്ന മാർഗ്ഗങ്ങളിലൂടെ അതിനെ നിയന്ത്രിക്കാവുന്നതാണ്.

1. അല്ലാഹുവിനോട് പിശാചിന്റെ ഉപദ്രവത്തിൽ നിന്നും സംരക്ഷണം ആവശ്യപ്പെടുക (അഊദുബില്ലാഹി മിനശ്ശൈയ്ത്താനിർറജിം)
2. നിശബ്ദനായിരിക്കുക
3. അവൻ നില്ക്കുകയാണെങ്കിൽ, അവൻ ഇരിക്കട്ടെ അല്ലെങ്കിൽ കിടക്കട്ടെ

റസൂൽ കരിം (സ) പറഞ്ഞു കോപിഷ്ടനായ ഒരാൾ, പിശാചിൽ നിന്ന് ഞാൻ അല്ലാഹുവിൽ ശരണം പ്രാപിക്കുന്നു. എന്ന് പ്രാർത്ഥിച്ചാൽ അവന്റെ കോപം ശമിക്കുന്നതാണ് (ബുഖാരി, മുസ്ലിം)

റസൂൽ (സ) പറഞ്ഞു ഒരാൾക്ക് കോപം ഉണ്ടാകുമ്പോൾ അവൻ നില്ക്കുകയാണെങ്കിൽ, അവൻ ഇരിക്കട്ടെ,അപ്പോൾ കോപം ശമിക്കുന്നില്ലെങ്കിൽ അവൻ കിടക്കട്ടെ (അബൂദാവൂദ്)

പ്രവാചകൻ (സ) പറഞ്ഞു. ഒരുവന് കോപമുണ്ടാകുമ്പോൾ അവൻ നിശബ്ദനായിരിക്കട്ടെ (അഹ്മദ്)

4. കോപം ശമിപ്പിക്കുവാൻ വുദൂ എടുക്കുക

നമ്മുടെ കോപം ശമിപ്പിക്കുവാൻ വുദൂ ചെയ്യാൻ പഠിപ്പിക്കുന്ന പ്രവാചക വചനങ്ങളുണ്ട് അല്ലാഹുവിന്റെ ദൂതർ പറഞ്ഞതായ് ഹദീസ് സൂചിപ്പിക്കുന്നത് കോപം വരുന്നത് പിശാചിൽ നിന്നുമാണ്. പിശാചിനെ സൃഷ്ടിച്ചത് അഗ്നിയിൽ നിന്നുമാണ്. അഗ്നിയെ ഇല്ലായ്മ ചെയ്യുന്നത് ജലമാകുന്നു. ആയതിനാൽ നിങ്ങളിൽ ഒരാൾ കോപിഷ്ടനായാൽ അപ്പോൾ അവൻ വുദൂ എടുക്കട്ടെ!

(അബൂദാവൂദ്, അഹ്മദ്)

കോപം സംബന്ധമായി ഞാൻ ഉദ്ധരിച്ച എല്ലാ പ്രവാചക വചനങ്ങളും വളരെ പ്രാധാന്യമർഹിക്കുന്നതാണ്. കാരണം എല്ലാ സാഹചര്യങ്ങളിലും മുസ്ലിമിനോട് കല്പിച്ചിരിക്കുന്നത് കോപത്തെ നിയന്ത്രിക്കുവാനാണ്. ചിലപ്പോൾ ദൗർബല്യത്താൽ, ചിലർ കോപിഷ്ടരായേക്കാം, എന്നാൽ അവർ ആ സമയത്ത് സ്വയം നിയന്ത്രിച്ചാൽ, അല്ലാഹുവിൽ ശപിക്കപ്പെട്ട സാത്താനിൽ നിന്ന് അഭയം പ്രാപിച്ചാൽ അപ്പോൾ തീർച്ചയായും അല്ലാഹു(ത) അവരുടെ സഹായത്തിനെത്തും.

ദൈവീക ക്രോധത്തെ കുറിച്ച് സംസാരിക്കുമ്പോൾ, ഇത് വളരെ പ്രധാനപ്പെട്ട വിഷയം തന്നെയാണ്. നമുക്കറിയാവുന്നതുപോലെ, സർവ്വശക്തനായ അല്ലാഹുവിനെ ഒരു രീതിയിലും പിശാചിന് സ്വാധീനിക്കുവാൻ കഴിയുകയില്ല മറിച്ച് പിശാചാണ് അല്ലാഹുവിനെ ഭയപ്പെടുന്നത്. അല്ലാഹുവിന്റെ ക്രോധത്തിനെ ആകർഷിക്കുന്നവർ ദൈവകോപത്തിനിരയാകുന്നു. അല്ലാഹുവിന്റെ ക്രോധം ഇഹലോകജീവിത നാശത്തിനും പരലോകജീവിത നഷ്ടത്തിനും ഇടയാക്കുന്നു. പിശാച് അവൻ സ്വയം തന്നെ ദൈവീക കോപത്തിന്റെ വിഷയമാണ്. നരാകഗ്നിയിൽ അവനെ എന്നെന്നും ശിക്ഷിക്കുന്നതാണ്. ദൈവത്തെ അനുസരിക്കാത്തതുമൂലമാണത്.

ഒരു ദൈവദൂതന്റെ കാലഘട്ടമാണെങ്കിൽ, അല്ലാഹു (ത) അവന്റെ ക്രോധം ഞാൻ തെരഞ്ഞെടുത്തവനിലൂടെ പ്രകടമാക്കുന്നു. നിശ്ചിത

വ്യക്തിക്ക് കഠിനമായ പ്രതികാരത്തിന്റെ ഭീഷണി നല്കപ്പെടുന്നു. അപ്പോൾ അവൻ അല്ലാഹുവിനോട് പെട്ടെന്ന് തന്നെ മാപ്പപേക്ഷിക്കുകയും സ്വയം സംസ്‌ക്കാരിക്കുവാൻ തയ്യാറാവുകയും ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ദൈവീക ക്രോധം പ്രസ്തുത വിഢ്ഢിയായ അവിശ്വാസിയെ തരിപ്പണമാക്കി കളയുന്നതാണ്. അതോടൊപ്പം ഒരു നിഷ്‌ക്കളങ്ക വിശ്വാസിയെ സംബന്ധിച്ചെടത്തോളം ശക്തവും വ്യക്തവുമായ ഒരു അടയാളമാണ്, ദൈവീക തത്വസംഹിതകളുമായി താദാത്മ്യം പ്രാപിക്കുവാനും അതിനായി നിലകൊള്ളുവാനുള്ള ശക്തമായ ദൃഷ്ടാന്തം! ദൈവം പ്രസ്തുത വ്യക്തിയോട് കോപിച്ചാൽ അതായത് വിശ്വാസിയോട് അത് അവനെ തെറ്റായ പാതയിൽ നിന്നും നീക്കം ചെയ്ത് ശരിയായ പാതയിൽ കൊണ്ടെത്തിക്കുവാനാണ്. അവനെ സ്വയം സംസ്‌ക്കരിക്കുവാനാണ്, അങ്ങനെ ദൈവത്തിന്റെ തൃപ്തിയും സന്തോഷവും അവനെക്കൊണ്ട് ആസ്വദിപ്പിക്കുവാനാണ്.

നിങ്ങളുടെ കോപം നിയന്ത്രിക്കുവാനുള്ള മാർഗ്ഗദർശനം അല്ലാഹു (ത) നിങ്ങൾക്ക് നല്കട്ടെ ! അവന്റെ കോപത്തിൽ നിന്നും അവൻ നിങ്ങളെ രക്ഷിക്കട്ടെ ! അവൻ തെരഞ്ഞെടുത്തവനെയും അവൻ രക്ഷിക്കട്ടെ ! ഇസ്ലാമിൽ അതിന്റെ എല്ലാ നിഷ്‌ക്കളങ്കതയോടെയും ഒരു ജീവിതം ജീവിക്കുവാൻ അവൻ നമ്മെ പ്രാപ്തമാക്കട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ

**Translated By : R. Jamaludin Raother**
**& Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**